ഉത്തരം

വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിട നിർമ്മാണത്തിന് 20 ലക്ഷം രൂപയുടെ പ്രോജക്ട് നിർദ്ദേശം നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 60 കിടക്കകളുള്ള ഒരു കെട്ടിട നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പുരോഗമിച്ചുവരുന്നു.

പുല്ലുവിള പ്രൈമറി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിട നിർമ്മാണം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പൂർത്തിയായിട്ടുണ്ട്.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പി. എച്ച്. സി. എന്നിവയിലെ സ്റ്റാഫ് പാറ്റേൺ

138 [141] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പി. എച്ച്. സി. എന്നിവയിലെ സ്റ്റാഫ് പാറ്റേൺ എത്രയാണെന്നും ഏതൊക്കെ തസ്തികയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പാറ്റേൺ പ്രകാരം എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നും ഒഴിവുകൾ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(സി) ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ: ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഏറ്റവും ചുരുങ്ങിയത് 30 കിടക്കകൾ നിർബന്ധമായും ഉണ്ടായിരിക്കണം. 30 കിടക്കകളുള്ള ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ താഴെ പറയുന്ന ജീവനക്കാരുടെ തസ്തികകളാണ് ഉണ്ടായിരിക്കേണ്ടത്.

1. സിവിൽ സർജൻ–1
2. അസിസ്റ്റന്റ് സർജൻ–4 (ഇവ സർജറി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യോളജി എന്നീ സ്പെഷ്യാലിറ്റികളായിരിക്കണം. കൂടാതെ അഞ്ചുപേരിൽ ഒരാൾ പബ്ലിക് ഹെൽത്ത് ആക്ടിവിറ്റിയിൽ പ്രത്യേക യോഗ്യതയോ പരിശീലനമോ നേടിയ ആളായിരിക്കണം.
3. സ്റ്റാഫ് നേഴ്സ്–5
4. നേഴ്സിംഗ് അസിസ്റ്റന്റ്–3
5. അറ്റന്റന്റ് ഗ്രേഡ്-2–2
6. അറ്റന്റന്റ് ഗ്രേഡ്-1–1

LIBRARY ARCHIVES Kerala Legislative Assembly

7. ഫാർമസിസ്റ്റ്–1
8. ലാബ് ടെക്നീഷ്യൻ–1
9. പാർട്ട്ടൈം സ്വീപ്പർ–1
10. ഹെഡ് ക്ലാർക്ക്–1
11. ക്ലാർക്ക്–3
12. പ്യൂൺ–1
13. റേഡിയോഗ്രാഫർ–1
14. ഹെൽത്ത് സൂപ്പർവൈസർ–1
15. ലേഡി ഹെൽത്ത് സൂപ്പർവൈസർ–1
16. ഹെൽത്ത് ഇൻസ്പെക്ടർ–1
17. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ–1
18. ജെ. പി. എച്ച്. എൻ. (5000 ജനസംഖ്യയ്ക്ക് ഒരാൾ വീതം)
19. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (5000 ജനസംഖ്യയ്ക്ക് ഒരാൾ വീതം)

പ്രൈമറി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ:

1. മെഡിക്കൽ ഓഫീസർ–1
2. ഫാർമസിസ്റ്റ്–1
3. സ്റ്റാഫ് നേഴ്സ്–1
4. നേഴ്സിംഗ് അസിസ്റ്റന്റ്–1
5. എച്ച്. എ. ഗ്രേഡ്-2–1
6. പ്യൂൺ–1
7. ക്ലാർക്ക്–1
8. പാർട്ട്ടൈം സ്വീപ്പർ–1
9. ജെ. പി. എച്ച്. എൻ. (5000 ജനസംഖ്യയ്ക്ക് ഒരാൾ വീതം)
10. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (5000 ജനസംഖ്യയ്ക്ക് ഒരാൾ വീതം)
11. ഹെൽത്ത് ഇൻസ്പെക്ടർ (30000 ജനസംഖ്യയ്ക്ക് ഒരാൾ വീതം)
12. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ (30000 ജനസംഖ്യയ്ക്ക് ഒരാൾ വീതം)
13. ലാബ് ടെക്നീഷ്യൻ–1

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഒഴിവുകൾ നികത്തുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly